ഉത്തരം

ഇല്ല.

പാർട്ട് ടൈം അദ്ധ്യാപകരുടെ സർവ്വീസ്

1222. [1832] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ട് ടൈം അദ്ധ്യാപകരുടെ സർവ്വീസ് ഹയർ ഗ്രേഡിനും മറ്റ് ആനുകൂല്യങ്ങൾക്കും കണക്കാക്കുവാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.

സംസ്കൃത അദ്ധ്യാപകർ

1223. [1833] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കാനം രാജേന്ദ്രൻ :
,, കെ.ടി. കുമാരൻ :
,, കെ.ആർ. ചന്ദ്രമോഹൻ :
,, കെ.ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര സംസ്കൃത അദ്ധ്യാപകരുണ്ട് ;
(ബി) ഗവൺമെന്റ് മേഖലയിൽ എത്ര ;
(സി) സ്വകാര്യ മേഖലയിൽ എത്ര ;
(ഡി) സംസ്കൃത അദ്ധ്യാപകരുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ ;
(ഇ) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) 3222.
(ബി) 661.
(സി) 2561.
(ഡി) ഉണ്ട്.
(ഇ) പരിഗണിച്ചു വരുന്നു.

എസ്. എസ്. എൽ. സി. പരീക്ഷക്ക് ഹിന്ദിയിൽ ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്

1224. [1834] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ.സി. പരീക്ഷയിൽ ഹിന്ദിക്ക് ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതി ഇപ്പോൾ നിലവിലുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുവേണ്ടി 1986 മാർച്ച് മാസത്തിൽ നടന്ന പരീക്ഷയിൽ വിജയികളായ കുട്ടികളുടെ അപേക്ഷ വാങ്ങുന്ന അവസാന ദിവസം എന്നായിരുന്നു ;

(സി) ഇതിനുള്ള അപേക്ഷ നൽകുന്ന കാര്യം എല്ലാ കോളേജുകളിലും അറിയിച്ചിട്ടുണ്ടോ ;

(ഡി) ഇക്കാര്യം അറിയിച്ച കോളേജുകളിൽ തന്നെ അത് രഹസ്യമായി വച്ചു എന്നും വിവരം നോട്ടീസ് ബോർഡിൽ ഇട്ടുകൊണ്ട് എല്ലാ കുട്ടികളെയും വിവരം അറിയിച്ചില്ലെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) തിരുവനന്തപുരം വിമൻസ് കോളേജിൽ പഠിക്കുന്ന കുട്ടികൾക്ക് 50-ൽ 48 മാർക്ക് കിട്ടിയ കുട്ടികൾ അപേക്ഷയുമായി ചെന്നപ്പോൾ സമയം കഴിഞ്ഞുവെന്ന കാരണം പറഞ്ഞ് 48 മാർക്കിൽ കുറഞ്ഞ മാർക്ക് വാങ്ങിയ കുട്ടികൾക്ക് ഈ സ്കോളർഷിപ്പിന് അർഹത നൽകുകയും ചെയ്തിട്ടുണ്ടോ;

(എഫ്) ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാനുള്ള തീയതി ദീർഘിപ്പിക്കുകയും അർഹതയുള്ള എല്ലാവർക്കും അപേക്ഷിക്കാൻ സൗകര്യം നൽകാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ അഹിന്ദി സംസ്ഥാനങ്ങളിൽ മെട്രിക്കുലേഷനു ശേഷം ഹിന്ദിയിൽ പഠനം തുടരുന്നതിന് ഇൻഡ്യ ഗവൺമെൻറ് കേരളത്തിലെ 239 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി വരുന്നുണ്ട് ,

(ബി) മേൽ പറഞ്ഞ പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പിന് അപേക്ഷകൾ സ്വീകരിക്കുന്നതിന് കേന്ദ്ര ഗവൺമെൻറ് നിശ്ചയിച്ചിരുന്ന അവസാന തീയതി 31-8-1986 ആയിരുന്നു. ഇത് പിന്നീട് 31-10-1986 ആയി ദീർഘിപ്പിക്കുകയുണ്ടായി. എന്നാൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി 10-12-1986 വരെ നീട്ടുന്നതിന് കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട് .

(സി) ഉണ്ട് .

(ഡി) ഇല്ല .

(ഇ) ഇങ്ങനെ ഒരു പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല .

(എഫ്) കേന്ദ്ര ഗവൺമെൻറിന്റെ ഹിന്ദി സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള സമയം 10-12-1986 വരെ ദീർഘിപ്പിക്കാൻ കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട് .

എസ്. കെ. പൊറ്റക്കാട് സ്മാരക വായനശാലയ്ക്ക് സ്ഥലം

1225. [1835] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. കെ. പൊറ്റക്കാട് സ്മാരക വായനശാലയ്ക്കുവേണ്ടി കോഴിക്കോട് സ്ഥലം അനുവദിക്കണമെന്ന് വിദ്യാഭ്യാസ വകുപ്പിനോട് ആരെങ്കിലും അപേക്ഷിച്ചിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ ആരിൽ നിന്നാണ് അപേക്ഷ ലഭിച്ചിട്ടുള്ളത് ;

(സി) അപേക്ഷയിൻമേൽ എന്തെങ്കിലും തീരുമാനം എടുത്തുവോ ?

LIBRARY ARCHIVES Kerala Legislative Assembly